**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂലൈ 22

# വാർത്താക്കുറിപ്പ്

---

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല പഠനവകുപ്പായ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ എം.എസ്.സി. സൈക്കോളജി പ്രോഗ്രാമിൽ 2022-24 ബാച്ചിൽ എസ്.സി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ 0481-2731034, 9496201466, 9495213248 നമ്പറുകളിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/960/2022)

മഹാത്മാഗാന്ധി സർവ്വകലാശാല സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതി കേന്ദ്രത്തിൽ പി.ജി. ഡിപ്ലോമ ഇൻ യോഗ (2022 അഡ്മിഷൻ) ബാച്ചിലേക്ക് എസ്.സി. വിഭാഗത്തിലും ഇതര വിഭാഗത്തിലും സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസ്സൽ യോഗ്യത രേഖകളുമായി ആഗസ്റ്റ് മൂന്നിന് വകുപ്പ് ഓഫീസിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447569925.

(പി.ആർ.ഒ./39/961/2022)

## ഷോർട്ട് ടേം കോഴ്സ്

ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് (ഐ.യു.സി.ഡി.എസ്.) പാലിയേറ്റീവ് കെയർ എന്ന വിഷയത്തിൽ ഷോർട്ട് ടേം സർട്ടിഫിക്കറ്റ് കോഴ്സ് ആഗസ്റ്റ് 15 ന് ആരംഭിക്കുന്നു. താൽപര്യമുള്ളവർക്ക് ആഗസ്റ്റ് ആറ് വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 0481-2731580.

(പി.ആർ.ഒ./39/962/2022)

## സബ് സെന്റർ

ജൂലൈ 27 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. / ബി.കോം. (2020 അഡ്മിഷൻ - റെഗുലർ / 2017, 2018, 2019 അഡ്മിഷൻ - റീ-അപ്പിയറൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്കായി തയ്യാറാക്കിയ സബ് സെന്റർ സംബന്ധിച്ച വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ. 2022 മാർച്ചിൽ നടന്ന ഒന്നാം സെസ്റ്റർ റീ-അപ്പിയറൻസ് പരീക്ഷക്കൊപ്പം ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകളുടെ ഹാൾടിക്കറ്റ് രജിസ്റ്റർ ചെയ്ത കോളേജുകളിൽ അയച്ചിട്ടുണ്ട്.

(പി.ആർ.ഒ./39/963/2022)

## പ്രാക്ടിക്കൽ / പ്രോജക്ട് / വൈവാ വോസി

ആറാം സെമസ്റ്റർ ബി.എസ്.സി. കെമിസ്ട്രി (സി.ബി.സി.എസ്.എസ്. - 2013-2016 അഡ്മിഷൻ - റീ-അപ്പിയറൻസ്) മാർച്ച് 2022 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ / പ്രോജക്ട് / വൈവാ വോസി പരീക്ഷകൾ ജൂലൈ 26 മുതൽ 29 വരെ തീയതികളിൽ കാലടി ശ്രീ ശങ്കര കോളേജിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/964/2022)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളുടെ അഞ്ചാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി. (2019 അഡ്മിഷൻ - റെഗുലർ / 2018 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 27 ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/965/2022)

മൂന്നാം സെമസ്റ്റർ എം.എ./എം.എസ്.സി. / എം.കോം. / എം.സി.ജെ. / എം.എസ്.ഡബ്ല്യു. / എം.റ്റി.എ. / എം.എച്ച്.എം. / എം.എം.എച്ച്. / എം.റ്റി.റ്റി.എം. (സി.എസ്.എസ്.) (2018, 2017, 2016 അഡ്മിഷനുകൾ -സപ്ലിമെന്ററി / 2015, 2014, 2013, 2012 അഡ്മിഷനുകൾ - മെഴ്സി ചാൻസ്) ജൂലൈ 2022 ബിരുദ പരീക്ഷകൾ ആഗസ്റ്റ് അഞ്ചിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/966/2022)

അഫിലിയേറ്റഡ് കോളേജുകളുടെ ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി./ ബി.കോം. എൽ.എൽ.ബി. / ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷകൾ ആഗസ്റ്റ് മൂന്നിന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/967/2022)

## പരീക്ഷാ ഫലം

2021 മാർച്ചിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എം.എ. സോഷ്യോളജി (പ്രൈവറ്റ്) (2019 അഡ്മിഷൻ - റെഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ആഗസ്റ്റ് അഞ്ച് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/968/2022)

2021 ഡിസംബറിൽ നടത്തിയ എം.ബി.എ. രണ്ടാം സെമസ്റ്റർ (2020 അഡ്മിഷൻ - റെഗുലർ, 2019 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം ആഗസ്റ്റ് ആറ് വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/969/2022)

2022 ഏപ്രിൽ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.പി.എഡ്. (2020 അഡ്മിഷൻ - റെഗുലർ / 2017-2019 അഡ്മിഷൻ - സപ്ലിമെന്ററി / 2015-2016 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം ആഗസ്റ്റ് അഞ്ച് വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/970/2022)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോടെക്നോളജി വകുപ്പിൽ എം.ടെക് നാനോസയൻസ് ആന്റ് നാനോടെക്നോളജി, എം.എസ്.സി. നാനോസയൻസ് ആന്റ് നാനോടെക്നോളജി - ഫിസിക്സ്, എം.എസ്.സി. നാനോസയൻസ് ആന്റ് നാനോടെക്നോളജി - കെമിസ്ട്രി പ്രോഗ്രാമുകളിൽ എസ്.സി./ എസ്.ടി. വിഭാഗങ്ങളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. അർഹരായ വിദ്യാർത്ഥികൾ അസ്സൽ യോഗ്യതാ രേഖകളുമായി ജൂലൈ 27 ന് 11 മണിക്ക് വകുപ്പ് ഓഫീസിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.mgu.ac.in, ഫോൺ: 9447712540.

(പി.ആർ.ഒ./39/971/2022)

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് വകുപ്പിൽ എം.ടെക്. എനർജി സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ എസ്.സി./ എസ്.ടി. വിഭാഗങ്ങളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. അർഹരായ വിദ്യാർത്ഥികൾ അസ്സൽ യോഗ്യതാ രേഖകളുമായി ജൂലൈ 26 ന് 11 മണിക്ക് വകുപ്പ് ഓഫീസിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.mgu.ac.in, ഫോൺ: 8281082083.

(പി.ആർ.ഒ./39/972/2022)

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് വകുപ്പിൽ എം.ടെക്. എനർജി സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ ജനറൽ വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസ്സൽ യോഗ്യതാ രേഖകളുമായി ജൂലൈ 22 മുതൽ 30 വരെ തീയതികളിൽ വകുപ്പ് ഓഫീസിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.mgu.ac.in, ഫോൺ: 8281082083.

(പി.ആർ.ഒ./39/973/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**